LIBRARY ARCHIVES Kerala Legislative Assembly

ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനങ്ങൾ

125 (T*471) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പരിഷ്കരിക്കുന്നതിന് കമ്മീഷനെ നിയമിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) ശമ്പള പരിഷ്കരണ കമ്മീഷന്റെ ഇതേവരെയുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) കമ്മീഷൻ എപ്പോൾ റിപ്പോർട്ട് സമർപ്പിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഞ്ചു വർഷതത്വം ഉറപ്പാക്കി 1-7-2014 മുതൽ പ്രാബല്യത്തോടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ 30-11-2013 തീയതിയിലെ സ.ഉ.(കൈ) നമ്പർ 583/2013/ധന. ഉത്തരവ് പ്രകാരം നിലവിൽ വന്നു. 12-6-2014 തീയതിയിലെ സ.ഉ.(കൈ) നമ്പർ 218/2014/ധന ഉത്തരവിലൂടെ കമ്മീഷന്റെ പ്രവർത്തനം 4-12-2014 വരെയും 29-11-2014 തീയതിയിലെ സ.ഉ.(കൈ) നമ്പർ 521/2014/ധന പ്രകാരം 30-6-2015 വരെയും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി&സി) ശമ്പള പരിഷ്കരണം സംബന്ധിച്ച് കമ്മീഷൻ പ്രാഥമിക പഠനം നടത്തുകയും തുടർന്ന് ചോദ്യാവലി തയ്യാറാക്കി വകുപ്പദ്ധ്യക്ഷന്മാർക്കും സംഘടനകൾക്കും നൽകുകയും വിശദമായ പ്രൊപ്പോസലുകളും മെമ്മൊറാണ്ടങ്ങളും നൽകാൻ ആവശ്യപ്പെടുകയും ചെയ്തു. ഇതേത്തുടർന്ന് ലഭിച്ച നിർദ്ദേശങ്ങളും പരാതികളും കമ്മീഷൻ വിശദമായി പരിശോധിച്ചു. തുടർന്ന് 2014 ഡിസംബർ 2-ാം തീയതി മുതൽ സംഘടനകളുമായി ചർച്ച ആരംഭിച്ചു. 2015 മാർച്ച് മാസം ആദ്യവാരം വരെ വിവിധ വകുപ്പുകളിലെ 245-ഓളം സംഘടനകളുമായി കമ്മീഷൻ ചർച്ച നടത്തി കഴിഞ്ഞു. കേന്ദ്ര ശമ്പള പരിഷ്കരണ കമ്മീഷൻ ഡൽഹി ഭരണകൂടം, ആന്ധ്രാ സംസ്ഥാനത്തെ ധനകാര്യ വകുപ്പ് എന്നിവയുമായി 2015 ഫെബ്രുവരി മാസം രണ്ടാം വാരം കമ്മീഷൻ ചർച്ച നടത്തുകയുണ്ടായി. സംഘടനകളുമായുള്ള ചർച്ചകൾ പൂർത്തിയായ ശേഷം വകുപ്പുമേധാവികളുമായും കമ്മീഷൻ ചർച്ച നടത്തേണ്ടതുണ്ട്. മെഡിക്കൽ ഇൻഷ്വറൻസ്, IT Enabled Services തുടങ്ങിയ പ്രത്യേക വിഷയങ്ങൾ

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

അതുമായി ബന്ധപ്പെട്ട വിദഗ്ധ ഏജൻസികൾ, വ്യക്തികൾ എന്നിവയുമായും കമ്മീഷൻ ചർച്ചകൾ നടത്തി വരികയാണ്. ഇവയിലൂടെ ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാം പൂർത്തിയാക്കി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ തന്നെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ശമ്പള പരിഷ്കരണത്തിന് മുൻകാല പ്രാബല്യം എന്ന് നൽകണമെന്നതിനെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

പുതിയ പെൻഷൻ പദ്ധതി

126 (472) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ പെൻഷൻ പദ്ധതി നടപ്പാക്കിയതുവഴി പൊതു ചെലവിൽ കുറവ് വന്നിട്ടുണ്ടോ ; എങ്കിൽ കുറവ് എത്രയെന്ന് പറയാമോ ;

(ബി) ഇല്ലായെങ്കിൽ ചെലവിൽ എന്ന് മുതൽ കുറവുണ്ടാകുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പുതിയ പെൻഷൻ പദ്ധതി നടപ്പിലാക്കിയതുവഴി പെൻഷൻ ചെലവുകളിൽ 2014-15 വർഷത്തിൽ കുറവ് വന്നിട്ടില്ല.

(ബി) ചെലവിൽ കുറവ് ഉണ്ടാകുന്ന രീതിയിൽ കണക്കെടുപ്പ് നടത്തിയിട്ടില്ല.

വികസന ചെലവിന്റെ സംസ്ഥാന ശരാശരി

127 (473) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസന ചെലവിനത്തിൽ സംസ്ഥാനം അയൽ സംസ്ഥാനങ്ങളുടേയും അഖിലേന്ത്യാ ശരാശരിയുടേയും പിന്നിലായതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ, അഖിലേന്ത്യാടിസ്ഥാനത്തിൽ സംസ്ഥാനത്തിന് എത്രാം സ്ഥാനമാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും Tax-GSDP വളർച്ച നിരക്കിലുള്ള കുറവും കേന്ദ്രവിഹിതത്തിലുള്ള ഗണ്യമായ കുറവും കാരണം സംസ്ഥാനത്തിന് വികസന

LIBRARY ARCHIVES Kerala Legislative Assembly